# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6357 21.11.2019 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണത്തിനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ശശി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) നമ്മുടെ സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള കനത്ത മഴയിലും പ്രളയത്തിലും തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

ബി) ഇതിനായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എ) & ബി) പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ 2018-19 വർഷം നോൺ പ്ലാൻ ഫണ്ടിൽ നിന്നും 660 കോടി രൂപയുടെ പ്രവൃത്തികൾ പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരുന്നു. ഇതിൽ 445 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 7446 കി.മീ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തികൾക്കായി പ്ലാൻ, നോൺ പ്ലാൻ ഹെഡിൽ മൊത്തം 1766 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 142.89 കോടി രൂപയുടെ പ്രവൃത്തികൾ 312.38 കി.മീ പൂർത്തീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണ വകുപ്പിൽ നിന്നും കഴിഞ്ഞ പ്രളയത്തെ തുടർന്ന് 71.25 കോടി രൂപ റോഡുകളുടെ അറ്റകുറ്റപണികൾക്കായി അനുവദിച്ചിരുന്നു. ഇതിൽ 60 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു. NABARD ഫണ്ടിൽ ഉൾപ്പെടുത്തി 53 പ്രവൃത്തികൾക്ക് 350.49 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചു. ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. 2019-20 വർഷം നോൺപ്ലാൻ ഫണ്ടിൽ നിന്നും 305 കോടി രൂപയുടെ പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽ 436.67 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ എല്ലാം തന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നു.

2018-ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ റോഡുകളുടെ പുനർ നിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ/ലോകബാങ്കുകളുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. കേരള പുനർ നിർമ്മാണത്തിനായി ജർമ്മൻ വികസന ബാങ്കിന്റെ 1400 കോടി രൂപയുടെ (Euro 170 million) ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി 06.11.2019-ൽ കേരള സർക്കാരും ജർമ്മൻ ബാങ്കും തമ്മിൽ എഗ്രിമെന്റ് ഒപ്പു വച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്തു വിഭാഗം, പ്രളയം നിമിത്തം തകർന്നതായി വിലയിരുത്തി തയ്യാറാക്കിയ 59 റോഡുകളുടെ പട്ടികയിൽ നിന്നും M/s L&T Infrastructure Engineering Ltd മുഖേന ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ റോഡുകളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ട പ്രഥമ പരിഗണനയർഹിക്കുന്ന ഏകദേശം 819 കി.മീ വരുന്ന റോഡുകൾ ആദ്യഘട്ടമായി പുനർ നിർമ്മിക്കുന്നതിന് 13.08.2019-ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.25/2019/ആ.സാ.വ പ്രകാരം ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള റോഡുകൾ, പ്രകൃതി ദുരന്തത്തിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക ശുപാർശകൾ അടങ്ങിയ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റുമായി 2019 ഒക്ടോബറിൽ കരാർ ഒപ്പുവച്ചു. കൂടാതെ കെ.എസ്സ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ ചെമ്മണ്ണാർ ഗ്യാപ്പ് റോഡും, പൈനാവ്-താന്നിക്കണ്ടം-അശോകകവല റോഡും, അടൂർ-ചെങ്ങന്നൂർ റോഡും 307.96 കോടി രൂപ ഉപയോഗപ്പെടുത്തി പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-ൽ സംസ്ഥാനത്ത് പ്രളയത്തിൽ തകരാറു പറ്റിയ കെ.എസ്സ്.ടി.പി റോഡുകളുടെ അറ്റകുറ്റപ്പണിക്കായി 35.78 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 2.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബിയുടെ കീഴിൽ 2018-ലെ പ്രളയത്തിൽ ശംഖുമുഖം ബീച്ച് റോഡിൽ

300 മീറ്റർ ഭാഗികമായി തകർന്നിരുന്നു. ഇതിന്റെ പുനരുദ്ധാരണത്തിന് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സാദ്ധ്യതാ പഠനം നടത്തുന്നതിനായി CRRI (Central Road Research Institute) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിനു കീഴിൽ 2018 ഓഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ കാര്യമായ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും, സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലേയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിച്ച മുറയ്ക്ക് നടപ്പിലാക്കി വരുന്നു. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ്-54 എണ്ണം, പാലങ്ങൾ-2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചു വരുന്നു. ദേശീയപാത 766 ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തി 1.86 കോടി രൂപയിൽ സർക്കാർ പുനർ നിർമ്മിക്കുകയുണ്ടായി. 2019 ലെ പ്രളയനാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 5 കോടി രൂപ ഫ്ളഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ

മന്ത്രാലയത്തിൽ ബഹു. മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇത് കൂടാതെ 457 കോടി രൂപയുടെ പട്ടിക ആനുവൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**